**കണ്ണൂർ സർവ്വകലാശാല**

**സിംഗിൾ വിൻഡോ**

---

**നമ്പർ. അക്കാഡ്/**SWC/6734/2020 **കണ്ണൂർ, തീയതി:** 05.02.2021

**<u>സർക്കുലർ</u>**

വിഷയം:- കണ്ണൂർ സർവ്വകലാശാല - ഏക ജാലക പ്രവേശനം 2020-21 - വിവിധ പ്രോഗ്രാമുകൾക്ക് പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ സംബന്ധിച്ച്:-

സൂചന :- ____________

2020-21 അക്കാദമിക് വർഷത്തെ പ്രവേശന നടപടികൾ പൂർത്തിയായിരിക്കുന്ന സാഹചര്യത്തിൽ താഴെ പറയുന്ന കാര്യങ്ങൾ കോളേജുകളുടെ ശ്രദ്ധയിലേക്കായി അറിയിക്കുന്നു.

1. സ്പോട്ട് അഡ്മിഷനിൽ ഉൾപ്പെടെ പ്രവേശനം നൽകിയിട്ടുള്ള എല്ലാ വിദ്യാർത്ഥികളുടെയും വിവരങ്ങൾ യഥാവിധി രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന കാര്യം ഉറപ്പുവരുത്തേണ്ടതാണ്. സ്പോട്ട് അഡ്മിഷന് ഓഫ്‌ലൈൻ ആയി അപേക്ഷ നൽകിയ വിദ്യാർത്ഥികളെ ഓൺലൈൻ ആയി രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്ന കാര്യം ഉറപ്പുവരുത്തേണ്ടതാണ്.
2. അഡ്മിഷൻ റെജിസ്റ്റർ പ്രകാരമുള്ള എല്ലാ വിദ്യാർത്ഥികളും അഡ്മിറ്റ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന കാര്യം കോളേജ് ഉറപ്പ് വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം സർവ്വകലാശാലയെ സമീപിക്കേണ്ടതാണ്. (ഫോൺ വഴിയും **sws@kannuruniv.ac.in** എന്ന മെയിൽ ഐഡി യിലും അറിയിക്കുക)
3. സ്പോട്ട് അഡ്മിഷൻ ലഭിച്ച എല്ലാ വിദ്യാർത്ഥികളും **അഡ്മിറ്റ് മെമ്മോ** പ്രിന്റ് ഔട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഇത് കോളേജുകൾ ഉറപ്പ് വരുത്തേണ്ടതാണ്. പിന്നീട് സർവ്വകലാശാലയെ സമീപിച്ചാൽ ലഭിക്കുന്നതല്ല എന്നും അറിയിക്കുന്നു.
4. എല്ലാ വിദ്യാർത്ഥികളും **ഡിജി ലോക്കറിൽ** രജിസ്റ്റർ ചെയ്യേണ്ടതാണ്. ഈ കാര്യം കോളേജ് അധികൃതർ ഉറപ്പുവരുത്തേണ്ടതാണ്. ഇതിനായി സർവ്വകലാശാല വെബ് സൈറ്റിൽ(Examination) ലിങ്ക് ലഭ്യമാക്കുന്നതായിരിക്കും.
5. വിദ്യാർത്ഥികളുടെ പേര്, ജനന തീയതി, ജാതി ഉൾപ്പെടെയുള്ള വിവരങ്ങളിൽ **തിരുത്തൽ** ആവശ്യമുണ്ടെങ്കിൽ രേഖകളും എസ്.ബി.ഐ കലക്ട്ടിൽ അഡ്മിഷൻ മിസല്ലേനിയസിൽ 200/- രൂപ ഫീസ് അടച്ചതിന്റെ ചാലാന്റെ പ്രിന്റ് ഔട്ടും സഹിതം sws@kannuruniv.ac.in എന്ന മെയിൽ ഐ.ഡിയിലേക്ക് അപേക്ഷ നൽകേണ്ടതാണ്.
6. രേഖകൾ പരിശോധിക്കുന്നതിനും തിരുത്തൽ വരുത്തുന്നതിനുമുള്ള അവസാന തീയതി 2021 ഫെബ്രുവരി 9 ആണ്.

ഒപ്പ് /-

**ബാലചന്ദ്രൻ വി കെ**

ഡെപ്യൂട്ടി രജിസ്ട്രാർ(അക്കാഡ്)

രജിസ്ട്രാർക്ക് വേണ്ടി

സ്വീകർത്താവ്:

അഫിലിയേറ്റഡ് കോളേജ് പ്രിൻസിപ്പാൾമാർ

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ